# എന്റെ ഭാഷക്കൊരു സ്തുതി

ശങ്കർജി കൊടകര

ലസിക്ക നീ മാമക മാതൃഭാഷേ
ജയിക്ക വിശ്വോത്തര വന്ദ്യയായി
നിറച്ചു നീയെന്നുടെ ചിത്തമെന്നും
സച്ചിന്തയാൽ, ജ്ഞാനനിഷേചനത്താൽ 1

കേളാർന്ന സാഹിത്യവിശേഷരത്ന
വിഭൂഷിതേ  മാമക മാതൃഭാഷേ
നിൻവർണമെന്നും നടനം നടത്തി
ട്ടെന്നുള്ളിലാനന്ദരസം നിറക്കു 2

ഭാഷാ പിതാ പണ്ടുവളർത്തി വന്ന
തത്തക്കിടാവിൻ കളവാണി കേട്ടും
പൂന്താനമോതീടിന വേദസാര-
തത്വത്തിനാൽ ഭക്തിയിയന്നുകൊണ്ടും 3

കുഞ്ചന്റെ മഞ്ജുസ്വനമാർന്ന തുള്ളൽ
നെഞ്ചിന്നകത്തേറ്റിയ നിത്യകന്യേ
ശ്രീ കണ്ണശർ  പാടിയ രാമകൃഷ്ണ
ഗാഥക്കു നന്നായ്  സ്മിതമേകിയോൾ നീ 4

മയങ്ങി നീ കൃഷ്ണകഥാസരിത്താം
നമ്പൂരിസ്പർശനമേൽക്ക  മൂലം
വിളങ്ങി ഭാഷാനിഷധത്തിലെന്നും
ചന്ദ്രോത്സവത്തിൽ പ്രണയം പൊഴിച്ചൂ 5

ഉണ്ണൂലിയുണ്ണ്യാടികളാടി വാണ
കേളീഗൃഹം താൻ മലയാളഗേഹം
പുനം പറഞ്ഞീട ചമ്പുവിന്റെ
മുഴക്കമെന്നും നിറയുന്ന ഗേഹം 6

ശ്രീ കേരളവ്യാസനു കേളിയാടാൻ
കയ്യിൽ കിടക്കും കരുവെന്ന മട്ടായ്
കുളിച്ചു നീ വെൺമണികാവ്യഗംഗാ
ജലത്തിലും  ശുദ്ധതയാർന്ന ചിത്തായ് 7

തെക്കിൻ  പടപ്പാട്ടതുപോലെ വീര
തച്ചോളി പുത്തൂരകഥാപ്രവാഹം
ഏതേതു ചിത്തങ്ങളെ വീരഗാഥാ
രസൈകധാരാപരിമഗ്നനാക്കാ 8

ആട്ടത്തിലാടി നളദുഃഖമോർത്തു
പ്രജ്ഞാഗരാ രാത്രികളിൽ കഴിച്ചൂ
കുചേലസഖ്യം ബത വിപ്രസൂനു-
ലാഭത്തിലും തുഷ്ടഹൃദന്തയായി ൯

ആശാന്റെ നാരായണമേനവന്റെ
നവീനവാണിക്കമൃതായ ഭാഷേ
ഉള്ളൂർ പൊഴിച്ചുജ്ജ്വലവാഗ്വിലാസ
നദീഝരീഘോഷണതുഷ്ടയായ് നീ 10

ആസാംപണിക്കാരുടെ ശോകമായ് നീ
ആര്യൻ വിതച്ചീടിന പാടവും നീ
കളിച്ചിടാൻ യോഗ്യത നഷ്ടമായ-
കവിക്കു കാൽപാടു സുഖം വരുത്തി 11

മണ്ണിന്റെ മാറിൽ പണി ചെയ്യുവന്റെ
കോപത്തെ താപത്തെ വരിച്ചവൾ നീ
മനസ്വിനീവേദനയാർന്ന താപം-
സ്പന്ദിച്ചു നിന്സ്ഥികളിൽ പ്രദീപ്തം 12

കണ്ണീർ നിറഞ്ഞുള്ള കിനാക്കളേന്തു-
ന്നടുക്കളച്ചുറ്റു വെടിഞ്ഞു മെല്ലേ
അരങ്ങിലത്തീടുമൊന്തരാത്മമാ
രാമപ്രഭാവം നിറയുന്നു നിത്യം 13

ബാലാമണിസ്പന്ദന നിർവിശേഷ-
ബാലാമണീകാവ്യ സരിത്പ്രവാഹം
നിറഞ്ഞ കണ്ണീർകണവും വിലാപ
സംക്രന്ദനം തെല്ലിട മൂകശോകം 14

രക്തം പൊടിഞ്ഞാവയലാറു ഘോഷി-
ച്ചഴിച്ചു വിട്ടശ്വമിതാ നടപ്പൂ
അതിൻ കുളമ്പൊച്ച മുഴങ്ങിടുന്നൂ
കൈലാസശൈലോന്നതശൈവചിത്തിൽ 15

മൊഞ്ചുള്ള ശീലിൽ ഹഹ മോയിൻകുട്ടി
കൊഞ്ചുന്നൊരായൊപ്പനവാഗ്വിലാസം
ബേപ്പൂരു വാണീടിന മാങ്കൊയിസ്റ്റു
മരം പറഞ്ഞ കഥ കേട്ടവൾ നീ 16

നീയമ്പലത്തിൻ നടയിൽ പൊഴിക്കും
മണിസ്വനം കേട്ടുണരാത്തതാരോ
ഉദിച്ചു ലോകത്തിലെ സ്വസ്തിസൂര്യ
ശോഭവഹാ സംക്രമണങ്ങളിൽ നീ 17

നീ താതവാക്യത്തിൽ തപിച്ച ചിത്തം
നിറച്ചു മോദം നവബാലഹൃദ്യം
നീ താതരാമായണമോതി പിന്നെ
സംപൂജ്യായ് ചന്ദനനാഴി പോലെ 18

ലസിക്ക നീ മാമക മാതൃഭാഷേ
ജയിക്ക വിശ്വോത്തരഹൃദ്യരൂപേ
നിറക്ക നീയെന്നുടെ ചിത്തമെന്നും
സച്ചിന്തയാൽ, ജ്ഞാനനിഷേചനത്താൽ 19

ഈ മട്ടിൽ ചാരുഭാഷാസ്തുതിയിതു പഠനം ചെയ്തിടും മാനുഷന്മാർ
ശ്രീമത്താം കാവ്യശിക്ഷാവിലസിതഹൃദയത്താലെ വാഗ്പൂജ ചെയ്യും
ധീ മങ്ങിടാതെ ഭാഷാകവിജനപരിപൂജ്യം പദം നേടുമെന്നും
കാമം സർവ്വം നടത്തും ജനനിയിവളഹോ കൈരളീ മാതൃവാണീ 20